(സി) ആധുനിക ആയുധങ്ങളും ഉപകരണങ്ങളും പ്രവർത്തനക്ഷമമാക്കി സൂക്ഷിക്കുന്നതിനും മെയിന്റനൻസ്, റിപ്പയറിംഗ് എന്നിവ നടത്തുന്നതിനും അതാത് വിഭാഗങ്ങളുടെ ചുമതലയുള്ളവർ അതാത് കാലങ്ങളിൽ പീരിയഡിക്കൽ ഇൻസ്പെക്ഷനും നിയമവിധേയമായ രീതിയിൽ റിപ്പയറിംഗ് വർക്കുകളും നടത്തി വരുന്നു.

(ഡി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആകെ 322 എയർ കണ്ടീഷണറുകൾ വാങ്ങിയിട്ടുണ്ട്. ആയതിൽ 182 എണ്ണം Common Integrated Police Application (CIPA)-ന്റെ ഭാഗമായി വാങ്ങിയിട്ടുള്ളതാണ്.

കമ്മ്യൂണിറ്റി പോലീസിംഗിന് ചെലവായ തുക

5 (1744) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മ്യൂണിറ്റി പോലീസിംഗിനായി ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം ചെലവഴിച്ചുവെന്ന് അറിയിക്കുമോ ;

(ബി) ഓരോ പോലീസ് സ്റ്റേഷനും ഈ വിഭാഗത്തിൽ എത്ര തുക വീതം അനുവദിച്ചുവെന്ന് അറിയിക്കുമോ ;

(സി) എറണാകുളത്ത് നടന്ന ഗ്ലോബൽ കമ്മ്യൂണിറ്റി പോലീസിംഗ് അന്താരാഷ്ട്ര സെമിനാറിനായി എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഓരോ പോലീസ് സ്റ്റേഷനും എത്ര തുക വീതം ചെലവഴിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

ഐക്രംബ്രാഞ്ചിനെ ശക്തിപ്പെടുത്താൻ നടപടികൾ

6 (1746) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഐക്രം ബ്രാഞ്ചിനെ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഏറ്റെടുക്കുന്ന കേസുകളിൽ, വളരെ വേഗം കുറ്റവാളികളെ കണ്ടെത്തുന്നതിനും പിടികൂടുന്നതിനും പറ്റുന്നവിധം സേനയെ ആധുനിക വൽക്കരിക്കുന്നതിന് നടപടിയെടുക്കുമോ ;

(സി) കഴിവും പ്രാഗത്ഭ്യവുമുള്ള ഉദ്യോഗസ്ഥരെ പ്രത്യേകം തെരഞ്ഞെടുത്ത് പ്രത്യേക പരിശീലനവും തുടർ പരിശീലനവും നൽകുന്നതിന് നടപടിയെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ക്രൈം ബ്രാഞ്ചിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ക്രൈം ബ്രാഞ്ച് വിഭാഗം പുനഃസംഘടിപ്പിക്കുകയും കൊലപാതകങ്ങളും മറ്റും അന്വേഷിക്കുന്നതിനായി ഹോമിസൈഡ്, ആന്റി ഹൈജാക്ക് വിംഗ്, പ്രധാനമായും കള്ളനോട്ടു കേസുകൾ ഓർഗനൈസ്ഡ് ക്രൈം വിംഗ്, സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി എക്കണോമിക് ഒഫൻസ് വിംഗ് എന്നിങ്ങനെ 3 വിഭാഗങ്ങളായി വിഭജിക്കുകയും എല്ലാ യൂണിറ്റുകളിലും പോലീസ് സൂപ്രണ്ടുമാരുടെ കീഴിൽ മേൽപ്പറഞ്ഞ 3 വിഭാഗങ്ങളും കാര്യക്ഷമമായി പ്രവർത്തിച്ചുവരികയുമാണ്.

(ബി&സി) ശാസ്ത്രീയ കുറ്റാന്വേഷണം നടത്തുന്നതിലേക്ക് വൈദഗ്ദ്ധ്യം ലഭിക്കുന്നതിനുവേണ്ടിയുള്ള ട്രെയിനിംഗ് പ്രോഗ്രാമുകൾ തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിലും തൃശ്ശൂർ കേരള പോലീസ് അക്കാഡമിയിലും നടത്തി വരുന്നു.

പോലീസ് കമ്മീഷണറേറ്റ് സംവിധാനം

7 (1747) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഏതെങ്കിലും ജില്ലയിൽ പോലീസ് കമ്മീഷണറേറ്റ് സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

കൊല്ലം പോലീസ് ജില്ല വിഭജിച്ച് കൊല്ലം കേന്ദ്രമാക്കി പോലീസ് കമ്മീഷണർ ഓഫീസും, കൊട്ടാരക്കര കേന്ദ്രമാക്കി റൂറൽ ജില്ലാ പോലീസ് ഓഫീസും, തൃശ്ശൂർ പോലീസ് ജില്ല വിഭജിച്ച് തൃശ്ശൂർ കേന്ദ്രമാക്കി പോലീസ് കമ്മീഷണർ ഓഫീസും, റൂറൽ ജില്ലാ പോലീസും രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

വനിതാ ബറ്റാലിയൻ രൂപീകരിക്കാൻ നടപടി

8 (1748) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പോലീസ് വകുപ്പിൽ വനിതാ ബറ്റാലിയൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ ആസ്ഥാനം എവിടെയാണ് എന്ന് നിശ്ചയിച്ചിട്ടുണ്ടോ ?

ഉത്തരം

ഒരു മഹിളാ പോലീസ് ബറ്റാലിയൻ സംസ്ഥാനത്ത് രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ ഇന്റലിജൻസ് എ.ഡി.ജി.പി. തലവനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly